LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാർ സർവീസിലെ (റവന്യൂ വകുപ്പ്) വില്ലേജ് ഓഫീസർ തസ്തികയിൽനിന്നും വിരമിച്ച വ്യക്തികളുടെ സേവനം കെ.എസ്.എഫ്.ഇ.യുടെ റവന്യൂ റിക്കവറി വിഭാഗത്തിൽ ഉപയോഗിച്ച് വരുന്നുണ്ട്. പ്രസ്തുത വ്യക്തികളുടെ ലാന്റ് സർവേയിലുള്ള പ്രാവീണ്യം ഉപയോഗപ്പെടുത്തുന്നതിന് വേണ്ടിയാണിത്.

(ബി) അത്തരത്തിലുള്ള പരാതികളൊന്നും ലഭിച്ചതായി കാണുന്നില്ല.

(സി) പി.എസ്.സി. വഴി നിയമനം നടത്തുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ചെലവ്

79 (1819) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പദ്ധതി ചെലവ് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ (2011-12 മുതൽ 2015-16 വരെ) എത്ര ശതമാനം വീതമായിരുന്നു; ഓരോ വർഷത്തേയ്ക്കും പദ്ധതി വിഹിതം എത്ര രൂപയായിരുന്നു; ചെലവ് എത്ര രൂപയായിരുന്നു; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ എത്ര ശതമാനമായിരുന്നു; ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വിശദമാക്കുമോ;

(സി) എസ്.സി., എസ്.ടി. വകുപ്പുകളുടെ കഴിഞ്ഞ അഞ്ച് വർഷത്തെ പദ്ധതി ചെലവ് എത്ര ശതമാനമായിരുന്നു; ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വിശദമാക്കുമോ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വാർഷിക പദ്ധതി ചെലവ് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ എത്ര ശതമാനമായിരുന്നു; ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

ഉത്തരം

(എ) (തുക കോടിയിൽ)

വർഷം	വകയിരുത്തിയത്	ചെലവഴിച്ചത്
2011-12	12010	11758.89(98%)

2012-13	14010	14736.93(105%)
2013-14	17000	14901.28(88%)
2014-15	20000	14252.27(71%)
2015-16	20000	8783.37(44%)(31-1-2016 വരെയുള്ള താൽക്കാലിക കണക്ക്)

(ബി) വിവരം ശേഖരിച്ച വരുന്നു.

(സി) പട്ടികജാതി വകുപ്പ് (തുക കോടിയിൽ)

വർഷം	വകയിരുത്തിയത്	ചെലവഴിച്ചത്
2011-12	512.64	488.26 (95%)
2012-13	540.43	525.97 (97%)
2013-14	799.3	790.16 (98%)
2014-15	1060.65	700.63 (66%)
2015-16	990.11	544.93 (55%)(31-1-2016 വരെയുള്ള താൽക്കാലിക കണക്ക്)

പട്ടികവർഗ്ഗ വകുപ്പ് (തുക കോടിയിൽ)

വർഷം	വകയിരുത്തിയത്	ചെലവഴിച്ചത്
2011-12	179.17	168.47 (94%)
2012-13	197.28	179.8 (91%)
2013-14	314.55	255.27 (81%)
2014-15	451.78	382.17 (84%)
2015-16	457.43	183.89 (40%)(31-1-2016 വരെയുള്ള താൽക്കാലിക കണക്ക്)

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ പദ്ധതി ചെലവ് ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(തുക കോടിയിൽ)

വർഷം	വകയിരുത്തിയത്	ചെലവഴിച്ചത്
2011-12	1406.28	1322.16 (94%)
2012-13	2176.6	1591.99 (73%)
2013-14	2643.2	1730.84 (65%)
2014-15	2733.55	1565.05 (57%)
2015-16	7686.32	2352.56 (31%)(31-1-2016 വരെയുള്ള താൽക്കാലിക കണക്ക്)

നികുതി കുടിശ്ശിക

80 (1820) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമുള്ള ഓരോ വർഷത്തെയും നികുതി കുടിശ്ശിക എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ നികുതി കുടിശ്ശിക ഉണ്ടോ; എങ്കിൽ എത്ര തുക; വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ നികുതി കുടിശ്ശികയ്ക്ക് ഇടയായ കാരണങ്ങൾ ഏതെല്ലാം; അവ ഓരോന്നുംമൂലം കുടിശ്ശികയായ തുക എത്ര വീതം; വ്യക്തമാക്കാമോ;

(ഡി) 2015-16 വർഷത്തെ നികുതി കുടിശ്ശിക എത്ര; ഇതിൽ എത്ര തുക ഇതുവരെ പിരിച്ചെടുത്തു; വ്യക്തമാക്കാമോ;

(ഇ) പിരിഞ്ഞ് കിട്ടാനുള്ള കുടിശ്ശിക എത്ര; ഇത് ഏതെല്ലാം വകുപ്പുകളിൽ നിന്ന്; വ്യക്തമാക്കാമോ?

ഉത്തരം

(എ)

സാമ്പത്തിക വർഷം	നികുതി കുടിശ്ശിക (തുക കോടിയിൽ)
1	2
2011-12	12668.66

LIBRARY ARCHIVES Kerala Legislative Assembly